നമ്പർ - WCD-E5-6001/2020

വനിത ശിശു വികസന ഡയറക്ടറുടെ
കാര്യാലയം, പൂജപ്പുര, തിരുവനന്തപുരം.
തീയതി : 06/08/2021
Email: directorate.wcd@kerala.gov.in
Phone No. 0471 – 2346534

## സർക്കുലർ

**വിഷയം :-** വനിത ശിശുവികസന വകുപ്പ് - ജീവനക്കാര്യം - കൊവിഡ്-19 - പ്രതിരോധ പ്രവർത്തനം - പുതുക്കിയ മാർഗ്ഗ നിർദ്ദേശം സംബന്ധിച്ച്.

**സൂചന :-** 1. GO(RT) No. 564/2021/DMD Dated 04/8/2021.
2. ഈ കാര്യാലയത്തിൽ നിന്നുള്ള 26/07/2021 ലെ ഇതേ നം സർക്കുലർ.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കോവിഡ് നിയന്ത്രണങ്ങളുമായി ബന്ധപ്പെട്ട് കൂടുതൽ ഇളവുകൾ സൂചന (1) ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള ഐ സി ഡി എസ് പ്രൊജക്റ്റ് ഓഫീസുകൾ എല്ലാ പ്രവർത്തി ദിവസവും 100% ജീവനക്കാരെ വച്ച് പ്രവർത്തിപ്പിക്കേണ്ടതാണ് എന്ന് അറിയിക്കുന്നു. വകുപ്പിന് കീഴിലുള്ള അങ്കണവാടികൾ സൂചന (2) സർക്കുലറിൽ പരാമർശിക്കും പ്രകാരം തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ പ്രവർത്തിപ്പിച്ചാൽ മതിയാകും. അങ്കണവാടി ജീവനക്കാർ ബോധവത്കരണ പരിപാടികളും മറ്റ് പ്രവർത്തനങ്ങളും ബാക്കി ദിവസങ്ങളിലും ഏകോപിപ്പിക്കേണ്ടതുണ്ട്. അത്യാവശ്യ ഘട്ടത്തിൽ ICDS സൂപ്പർവൈസർ, സിഡിപിഒ, പ്രോഗ്രാം ഓഫീസർ എന്നിവർ ആവശ്യപ്പെടുന്ന പക്ഷം മറ്റ് പ്രവർത്തി ദിവസങ്ങളിൽ കൂടി അങ്കണവാടികൾ തുറന്ന് പ്രവർത്തിപ്പിക്കേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

എല്ലാ കാര്യാലയ മേധാവികൾക്കും.